പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.701

02.12.2014 ൽ
മറുപടിയ്ക്ക്

# യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് . പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | എ) ഉണ്ട്. യുവജന നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് ഉതകുന്ന രീതിയിലാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനവും പരിപാടികളും ആസൂത്രണം ചെയ്തിട്ടുള്ളത്. യുവാക്കൾക്കായി സ്വയം സംരംഭക പരിശീലനങ്ങൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാമുകൾ, വ്യക്തിത്വ വികസന ക്യാമ്പുകൾ, സ്വയംതൊഴിൽ ബോധവൽക്കരണ പരിപാടികൾ, ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, കാർഷിക വികസന പദ്ധതികൾ, ഡി.റ്റി.പി / പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനങ്ങൾ, പുനർജ്ജനി, ജീവദായിനി, ജോബ്ഫെയറുകൾ ചലച്ചിത്ര-മാധ്യമ-സാഹിത്യ-വനിതാ ശില്പശാലകൾ, സാഹസിക പരിശീലന പരിപാടികൾ, കേരളോത്സവം, ട്രൈബൽ ഫെസ്റ്റുകൾ, മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. |
| (ബി) പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) ഇല്ല. |
| (സി) പദ്ധതിയുമായി ആരെയെല്ലാം സഹകരിപ്പിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, ആഭ്യന്തര വകുപ്പ്, ടൂറിസം വകുപ്പ്, കായിക വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, എക്സൈസ് വകുപ്പ്, സാമൂഹ്യ ക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, കൃഷി വകുപ്പ്, വനം വകുപ്പ്, സി-ഡിറ്റ്, എൻ.എസ്.എസ്, നോർക്ക റൂട്സ്, Entrepreneurship Development Institute of India, ഐ.ആർ.സി.റ്റി.സി, കേരള ഫോക് ലോർ അക്കാദമി എന്നീ സ്ഥാപനങ്ങളെയാണ് സഹകരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | യുവാക്കൾക്കിടയിൽ ദേശീയ ബോധവും ദേശസ്നേഹവും വളർത്തുന്നതിലേക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കേരളോത്സവം, എക്സൈസ് വകുപ്പുമായി ചേർന്ന് യുവ ജാഗ്രതാ യാത്ര, ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ, സി-ഡിറ്റുമായി ചേർന്ന് പി.എസ്.സി/ ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം, കൃഷി വകുപ്പുമായി ചേർന്ന് കാർഷിക വികസന പദ്ധതികൾ, പട്ടിക വർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ട്രൈബൽ ഫെസ്റ്റുകൾ, ടൂറിസം വകുപ്പുമായി ചേർന്ന് സാഹസിക പരിശീലന പരിപാടികൾ, വനം വകുപ്പ്, എൻ.എസ്.എസ് എന്നിവയുമായി ചേർന്ന് പരിസ്ഥിതി ദിനാചരണ പരിപാടികൾ, Entrepreneurship Development Institute of India മായി ചേർന്ന് സംരംഭകത്വ വികസന പരിപാടികൾ, കേരള ഫോക് ലോർ അക്കാദമിയുമായി ചേർന്ന് നാടൻ കലാമേളകൾ, ഐ.ആർ.സി.റ്റി.സിയുമായി ചേർന്ന് ഭാരത് ദർശൻ യാത്രകൾ, എൻ.എസ്.എസ് മായി ചേർന്ന് ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പുകൾ, നോർക്ക റൂട്സുമായി ചേർന്ന് പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, എൻ.എസ്.എസ് മായി ചേർന്ന് പുനർജനി, ജീവദായിനി, യുവ മാധ്യമ ശില്പശാല, ചിത്രരചനാ ക്യാമ്പ്, സാഹിത്യ ക്യാമ്പ്, വനിതാ ശില്പശാല, ചലച്ചിത്ര ശില്പശാല, നാടക കളരി, സ്വാമി വിവേകാനന്ദൻ യുവ പ്രതിഭാ പുരസ്കാരം, യുവ നേതൃത്വ പരിശീലന ക്യാമ്പ്, യുവജനദിനാചരണം, പരിസ്ഥിതി ദിനാചരണം, എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ